# 138/2017-M

**ചോദ്യ പുസ്തക അക്ഷര കോഡ്** **A**

**ചോദ്യ പുസ്തക ക്രമ നമ്പർ**

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 138/2017-M

Total Marks : 100 Marks

Time : 1 hour and 15 minutes

1. 'ഒന്നേകാൽ കോടി മലയാളികൾ' എന്ന പുസ്തകത്തിന്റെ രചയിതാവ് ആര് ?
   (A) എം. ടി. വാസുദേവൻ നായർ (B) എസ്. കെ. പൊറ്റക്കാട്
   (C) ഇ. എം. എസ്. നമ്പൂതിരിപ്പാട് (D) ഇ. കെ. നായനാർ

2. 'പഞ്ചാബിന്റെ സിംഹം' എന്നറിയപ്പെടുന്ന വിപ്ലവകാരി ആര് ?
   (A) ഗോപാലകൃഷ്ണ ഗോഖലെ (B) ലാലാ ലജ്പത്റായ്
   (C) ബാല ഗംഗാധര തിലക് (D) ദാദാഭായ് നവറോജി

3. ബ്രഹ്മസമാജത്തിന്റെ സ്ഥാപൻ ആര് ?
   (A) രാജാ റാം മോഹൻറോയ് (B) സ്വാമി ദയാനന്ദ സരസ്വതി
   (C) സ്വാമി വിവേകാനന്ദൻ (D) രമേഷ് ചന്ദ്ര ദത്ത്

4. കുളച്ചൽ യുദ്ധം നടന്ന വർഷം ?
   (A) 1916 (B) 1817
   (C) 1741 (D) 1912

5. സൈനിക സഹായ വ്യവസ്ഥ നടപ്പിലാക്കിയ ഗവർണർ ജനറൽ ?
   (A) ഡൽഹൗസി പ്രഭു (B) വെല്ലസ്ലി പ്രഭു
   (C) കോൺവാലീസ് പ്രഭു (D) റിപ്പൺ പ്രഭു

6. കേരള ഗാന്ധി എന്നറിയപ്പെടുന്നത് ആര് ?
   (A) സി. രാജഗോപാലാചാരി (B) അയ്യങ്കാളി
   (C) ഡോ. പൽപ്പു (D) കെ. കേളപ്പൻ

7. ഇന്ത്യയുടെ തെക്കേ അറ്റം ഏത് ?
   (A) കന്യാകുമാരി (B) ഇന്ദിരാപോയിന്റ്
   (C) ഇന്ത്യൻ മഹാസമുദ്രം (D) ലക്ഷദ്വീപ്

8. ഇന്ത്യയിൽ ദ്വിമണ്ഡല നിയമനിർമ്മാണ സഭയുള്ള സംസ്ഥാനം ഏത് ?
   (A) കർണ്ണാടകം (B) കേരളം
   (C) തമിഴ്നാട് (D) ഗോവ

9. സാർവ്വദേശീയ മനുഷ്യാവകാശ ദിനം ?

(A) നവംബർ 20 (B) ജൂൺ 5

(C) ഡിസംബർ 10 (D) ജൂലൈ 11

10. ഇന്ത്യയെയും പാകിസ്ഥാനെയും തമ്മിൽ വേർതിരിക്കുന്ന അതിർത്തി രേഖ ഏത് ?

(A) റാഡ്ക്ലിഫ് രേഖ (B) ഡുറണ്ട് രേഖ

(C) മക്മോഹൻ രേഖ (D) ഗ്രീനിച്ച് രേഖ

11. ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന വരണ്ട ഉഷ്ണക്കാറ്റ് ഏത് ?

(A) ചിനൂക്ക് (B) ഫൊൻ

(C) ലൂ (D) മിസ്ട്രൽ

12. ഇന്ത്യയുടെ മാനക രേഖാംശം ഏത് ?

(A) 75½° (B) 82½°

(C) 90° (D) 15°

13. 'ക്വിറ്റ് ഇന്ത്യ' പ്രക്ഷോഭം നടന്ന വർഷം

(A) 1945 (B) 1939

(C) 1942 (D) 1919

14. 'അക്ബർ നാമ' രചിച്ചത് ആര് ?

(A) അബുൾ ഫസൽ (B) അക്ബർ

(C) ഷാജഹാൻ (D) ബാബർ

15. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത് ?

(A) എവറസ്റ്റ് (B) ഗോഡ്വിൻ ആസ്റ്റിൻ

(C) ആനമുടി (D) കാഞ്ചൻ ജംഗ

16. ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യ വൈസ്രോയി ആര് ?

(A) മിന്റോ പ്രഭു (B) ഇർവിൻ പ്രഭു

(C) ലിട്ടൺ പ്രഭു (D) കാനിങ് പ്രഭു

17. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ പാകിയ യുദ്ധം ഏത് ?

(A) ബക്സാർ യുദ്ധം (B) കർണ്ണാട്ടിക് യുദ്ധം

(C) പ്ലാസി യുദ്ധം (D) മൈസൂർ യുദ്ധം

18. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ട സ്ഥലം ?

(A) മീററ്റ്  (B) ബോംബെ

(C) കൽക്കട്ട  (D) ജയ്പൂർ

19. 'കേരള സിംഹം' എന്നറിയപ്പെടുന്നത് ആര് ?

(A) കുഞ്ഞാലി മരയ്ക്കാർ  (B) പഴശ്ശിരാജ

(C) വേലുത്തമ്പിദളവ  (D) മാർത്താണ്ഡ വർമ്മ

20. കുണ്ടറ വിളംബരം നടന്ന വർഷം ?

(A) 1809  (B) 1921

(C) 1936  (D) 1919

21. 'ഉമാകേരളം' രചിച്ചതാര് ?

(A) കുമാരനാശാൻ  (B) വള്ളത്തോൾ

(C) ഉള്ളൂർ എസ്. പരമേശ്വര അയ്യർ  (D) ജി. ശങ്കരക്കുറുപ്പ്

22. കേരള കാർഷിക സർവ്വകലാശാല ആസ്ഥാനം എവിടെ ?

(A) വെള്ളായണി  (B) മാട്ടുപ്പെട്ടി

(C) മാനന്തവാടി  (D) മണ്ണുത്തി

23. ഭക്രാനംഗൽ അണക്കെട്ട് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏത് ?

(A) പഞ്ചാബ്  (B) ഹിമാചൽ പ്രദേശ്

(C) ഹരിയാന  (D) ഉത്തർപ്രദേശ്

24. പുന്നപ്രവയലാർ സമരം നടന്ന വർഷം ?

(A) 1946  (B) 1942

(C) 1948  (D) 1950

25. കേരള നിയമസഭയിലെ ഇപ്പോഴത്തെ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധി ?

(A) റിച്ചാർഡ് ഹെ  (B) ജോർജ്ജ് ബേക്കർ

(C) ജോർജ്ജ് ഫെർണ്ടാസ്  (D) ലൂയിസ്

26. ലോക്സഭയുടെയും രാജ്യ സഭയുടെയും സംയുക്ത സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ആര് ?

(A) രാഷ്ട്രപതി  (B) ലോക്സഭാ സ്പീക്കർ

(C) ഡെപ്യൂട്ടി സ്പീക്കർ  (D) ഉപരാഷ്ട്രപതി

27. ധവള വിപ്ലവവുമായി ബന്ധപ്പെട്ട വ്യക്തി ആര് ?

(A) വർഗ്ഗീസ് കുര്യൻ
(B) ഡോ. എം. എസ്. സ്വാമിനാഥൻ
(C) കെ.എം. പണിക്കർ
(D) ഡോ. രാജാ രാമണ്ണ

28. കൗടില്യൻ ആരുടെ കൊട്ടാരത്തിലെ മന്ത്രി ആയിരുന്നു ?

(A) സമുദ്രഗുപ്തൻ
(B) ചന്ദ്രഗുപ്ത മൗര്യൻ
(C) അശോകൻ
(D) ബിംബിസാരൻ

29. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ആര് ?

(A) അറ്റോർണി ജനറൽ
(B) റിട്ട. ഹൈക്കോടതി ജഡ്ജി
(C) റിട്ട. സുപ്രിംകോടതി ചീഫ് ജസ്റ്റീസ്
(D) റിട്ട. ഹൈക്കോടതി ചീഫ് ജസ്റ്റീസ്

30. ഭിലായ് ഇരുമ്പുരുക്ക് വ്യവസായ ശാല ഏതു രാജ്യത്തിന്റെ സഹകരണത്തോടെയാണ് ആരംഭിച്ചത് ?

(A) സോവിയറ്റ് യൂണിയൻ
(B) ബ്രിട്ടൻ
(C) ജർമ്മനി
(D) ജപ്പാൻ

31. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ അതോറിറ്റി ?

(A) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ
(B) സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ
(C) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
(D) ഇന്ത്യൻ റെയിൽവേ

32. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം എവിടെ സ്ഥിതി ചെയ്യുന്നു ?

(A) ശ്രീഹരിക്കോട്ട
(B) ഏഴിമല
(C) വലിയമല
(D) തുമ്പ

33. ആരുടെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ?

(A) ഡോ. എസ്. രാധാകൃഷ്ണൻ
(B) രാജേന്ദ്രപ്രസാദ്
(C) മൗലാന അബ്ദുൾകലാം ആസാദ്
(D) സർദാർ വല്ലഭായ് പട്ടേൽ

34. ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമ്മങ്ങളിൽപെടാത്തത് ഏത് ?

(A) നോട്ട് അച്ചടിച്ചിറക്കൽ
(B) ബാങ്കുകളുടെ ബാങ്ക്
(C) വായ്പ നിയന്ത്രിക്കൽ
(D) നാണയങ്ങൾ അച്ചടിച്ചിറക്കൽ

35. ഇ-ഗവേണൻസിലൂടെ ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന സ്ഥാപനം ?
(A) ജനസേവകേന്ദ്രങ്ങൾ (B) വില്ലേജ് ഓഫീസ്
(C) പഞ്ചായത്തുകൾ (D) അക്ഷയകേന്ദ്രങ്ങൾ

36. ഭൂമിയോട് ചേർന്നുള്ള അന്തരീക്ഷപാളി ഏത് ?
(A) സ്ട്രാറ്റോസ്ഫിയർ (B) മിസോസ്ഫിയർ
(C) തെർമോസ്ഫിയർ (D) ട്രോപ്പോസ്ഫിയർ

37. താഴെ കൊടുത്തിരിക്കുന്നതിൽ ഹരിതഗൃഹവാതകം ഏത് ?
(A) ഓക്സിജൻ (B) ഹൈഡ്രജൻ
(C) കാർബൺ (D) നൈട്രജൻ

38. ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി ഏത് ?
(A) മുംബൈ-ഹൈ (B) ഡിഗ്ബോയ്
(C) ബൊക്കാറോ (D) ഷിമോഗ

39. കേരള നവോത്ഥാനത്തിന്റെ പിതാവ് ?
(A) ചട്ടമ്പിസ്വാമികൾ (B) അയ്യങ്കാളി
(C) ശ്രീനാരായണഗുരു (D) വൈകുണ്ഠസ്വാമികൾ

40. ഏതു യൂറോപ്യന്മാരുടെ സംഭാവനയാണ് 'ഹോർത്തൂസ് മലബാറിക്കസ്' ?
(A) ഇംഗ്ലണ്ട് (B) ഡച്ച്
(C) പോർച്ചുഗീസ് (D) ഫ്രാൻസ്

41. കേരളത്തിലെ ഇപ്പോഴത്തെ കൃഷി മന്ത്രി ?
(A) ജി. സുധാകരൻ (B) പി. തിലോത്തമൻ
(C) വി.എസ്. സുനിൽകുമാർ (D) കെ.കെ. ഷൈലജ

42. 'വിലാസിനി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ?
(A) പി.സി. കുട്ടികൃഷ്ണൻ (B) പി.വി. അയ്യപ്പൻ
(C) അച്യുതൻ നമ്പൂതിരി (D) എം.കെ. മേനോൻ

43. ചിപ്കോ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ?
(A) സുന്ദർലാൽ ബഹുഗുണ (B) മേധാ പട്കർ
(C) ആർ.കെ. പച്ചൗരി (D) വന്ദന ശിവ

44. ഉത്തർപ്രദേശിന്റെ തലസ്ഥാനം ?

(A) കൊൽക്കത്ത (B) ലക്നൗ

(C) ഭോപ്പാൽ (D) ഭുവനേശ്വർ

45. തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചിരിക്കുന്ന കായൽ ഏത് ?

(A) അഷ്ടമുടിക്കായൽ (B) വെള്ളായണി കായൽ

(C) ശാസ്താംകോട്ട കായൽ (D) വേമ്പനാട്ട് കായൽ

46. കേരളത്തിലെ ആദ്യത്തെ കോളേജ് ഏത് ?

(A) മഹാരാജാസ് കോളേജ്, എറണാകുളം

(B) സി.എം.എസ്. കോളേജ്, കോട്ടയം

(C) വിക്ടോറിയ കോളേജ്, പാലക്കാട്

(D) വിമൻസ് കോളേജ്, തിരുവനന്തപുരം

47. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ തലസ്ഥാനം ?

(A) കവരത്തി (B) പോർട്ട് ബ്ലയർ

(C) പോണ്ടിച്ചേരി (D) ഇറ്റാനഗർ

48. ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി

(A) ഡൽഹൗസി (B) കഴ്സൺ പ്രഭു

(C) മൗണ്ട് ബാറ്റൻ പ്രഭു (D) കോൺവാലീസ് പ്രഭു

49. ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്ന വർഷം ?

(A) 2011 (B) 2015

(C) 2008 (D) 2013

50. കേരള വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആസ്ഥാനം എവിടെ ?

(A) ആലപ്പുഴ (B) എറണാകുളം

(C) കൊല്ലം (D) തിരുവനന്തപുരം

51. 2010 കോമൺവെൽത്ത് ഗെയിംസ് നടന്നതെവിടെ ?

(A) ഡൽഹി (B) ബംഗ്ലാദേശ്

(C) ഇംഗ്ലണ്ട് (D) ആസ്ട്രേലിയ

52. 'ജയ്ഹിന്ദ്' – ഈ മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ് ?

(A) ഗോപാലകൃഷ്ണ ഗോഖലെ (B) ഭഗത് സിംഗ്

(C) ജയപ്രകാശ് നാരായൺ (D) സുഭാഷ് ചന്ദ്രബോസ്

53. ഇന്ത്യയുടെ ആദ്യത്തെ കൃത്യമ ഉപഗ്രഹം ?

(A) ആപ്പിൾ (B) ആര്യഭട്ട
(C) ഭാസ്ക്കര (D) രോഹിണി

54. കേരളത്തിലെ ആദ്യത്തെ ധനമന്ത്രി ?

(A) ടി. വി. തോമസ് (B) കെ. ആർ. ഗൗരി
(C) കെ. സി. ജോർജ്ജ് (D) സി. അച്യുതമേനോൻ

55. ശബരിഗിരി ജല വൈദ്യുത പദ്ധതി ഏതു ജില്ലയിലാണ് ?

(A) ഇടുക്കി (B) വയനാട്
(C) പത്തനംതിട്ട (D) തൃശ്ശൂർ

56. തിരുവിതാംകൂറിന്റെ ഝാൻസി റാണി എന്നറിയപ്പെടുന്ന ധീര വനിത ആര് ?

(A) പണ്ഡിത രമാഭായി (B) ആനി മസ്ക്രീൻ
(C) എ.വി. കുട്ടിമാളു അമ്മ (D) അക്കാമ്മ ചെറിയാൻ

57. ഇന്ത്യയിലെ പരോക്ഷ നികുതി ഇവയിൽ ഏതാണ് ?

(A) സേവന നികുതി (B) കോർപ്പറേറ്റ് നികുതി
(C) തൊഴിൽ നികുതി (D) ആദായ നികുതി

58. സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ?

(A) സംയോജിത ശിശുവികസന സേവന പരിപാടി
(B) സർവ്വ ശിക്ഷാ അഭിയാൻ
(C) രാഷ്ട്രീയ മാധ്യമിശിക്ഷാ അഭിയാൻ
(D) രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ

59. 'യൂണിവേഴ്സൽ ഫൈബർ' എന്നറിയപ്പെടുന്ന വിള ഏത് ?

(A) ചണം (B) റബ്ബർ
(C) പരുത്തി (D) ഗോതമ്പ്

60. അറബിക്കടലിൽ പതിക്കുന്ന നദി ഏത് ?

(A) മഹാനദി (B) ഗോദാവരി
(C) കാവേരി (D) നർമ്മദ

61. Fill in the blanks with suitable articles.
______ hour ago I met ______ Union member.
(A) An, a
(B) A, the
(C) The, a
(D) A, an

62. Choose the correct comparative adjective.
This examination is ________ than the other examination.
(A) more easy
(B) difficult
(C) more difficult
(D) more easier

63. Antonym of 'diminish' is _______ .
(A) increase
(B) improve
(C) introduce
(D) decrease

64. Substitute the underlined with a suitable phrasal verb.
Cheating customers cannot be <u>tolerated</u> anyway.
(A) put off
(B) put up with
(C) put out
(D) put an end

65. Feminine gender of 'executor' is _______ .
(A) executress
(B) executive
(C) she-executor
(D) executrix

66. Exercise is ______ to health.
(A) beneficial
(B) beneficent
(C) magnificent
(D) benefice

67. Tittle-tattle means ________.
(A) argument
(B) gossip
(C) confusion
(D) sudden

68. Complete the following with suitable clause.
If I had not gone there, ________
(A) the dog would attacked me.
(B) the dog would have attacked me.
(C) the dog wouldn't have attacked me.
(D) the dog wouldn't attack me.

69. Use appropriate tag.
None of my friends has disowned me, _______
(A) hasn't none ?
(B) have they ?
(C) haven't they ?
(D) has none ?

70. Synonym of 'commence' is _______ .
(A) to end
(B) to begin
(C) to run
(D) to tell

**71.** The word which is correctly spelt.

(A) honourarium (B) honourerium

(C) honorarium (D) honorrarium

**72.** Identify the gerund from the statement. 'Seeing is believing'.

(A) seeing (B) believing

(C) is (D) None

**73.** Choose the correct answer :

One of the women in the dance hall ______ just fainted.

(A) have (B) has

(C) are (D) is

**74.** Change the voice :

Is English spoken by her ?

(A) Does she speak English ? (B) Did she speak English ?

(C) Is she spoken English ? (D) Has she spoken English ?

**75.** Choose the right answer :

It _______ raining heavily for a week. The wells are overflowing.

(A) is (B) have been

(C) has been (D) was

**76.** Complete the following indirect speech :

'Have you understood my instructions ?' He said to me.

He asked me ____________________

(A) if I had understood his instructions.

(B) if I have understood his instructions.

(C) if I have been understood his instructions.

(D) if you had understood my instructions.

**77.** Choose the correct prepositions :

He depends _______ his pen _______ a living.

(A) on, for (B) for, on

(C) of, in (D) in, for

**78.** Choose the correct answer :

He _______ we worship, by ______ gift we live, is the Lord.

(A) whose, whom (B) whom, which

(C) who, which (D) whom, whose

**79.** Words inscribed on tomb

(A) Epitome (B) Epistle

(C) Epilogue (D) Epitaph

**80.** 'I readily closed with his offer' means _____________

(A) I readily accepted his offer. (B) I readily rejected his offer.

(C) I really liked his offer. (D) I really thanked his offer.

81. രാമു വശം 50 ആപ്പിൾ ഉണ്ടായിരുന്നു. അതിന്റെ 20% വിറ്റു. ബാക്കിയുടെ 20% അഴുകിപ്പോയി. അവശേഷിക്കുന്ന ആപ്പിളിന്റെ എണ്ണമെത്ര ?

(A) 40 (B) 32

(C) 30 (D) 60

82. ഒരു കച്ചവടക്കാരൻ വാങ്ങിയ എല്ലാ പേനകളും വിറ്റു. 8 പേനയുടെ വാങ്ങിയ വിലയും 10 പേനയുടെ വിറ്റവിലയും തുല്ല്യമായാൽ ലാഭമോ നഷ്ടമോ ? എത്ര ?

(A) 20% നഷ്ടം (B) 10% ലാഭം

(C) 10% നഷ്ടം (D) 20% ലാഭം

83. രാജൻ 5,000 രൂപ 6% നിരക്കിൽ 2 വർഷത്തേക്ക് സാധാരണ പലിശ കണക്കാക്കുന്ന ആളിൽ നിന്ന് വായ്പയെടുത്തു. എന്നാൽ അജിത് ഇതേ തുക ഇതേ നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിൽ നിന്ന് വായ്പയെടുത്തു. 2 വർഷം കഴിയുമ്പോൾ രണ്ടുപേരുടേയും പലിശയിലുള്ള വ്യത്യാസമെത്ര ?

(A) 30 രൂപ (B) 60 രൂപ

(C) 18 രൂപ (D) 15 രൂപ

84. a : b = 4 : 5, b : c = 6 : 7 ആയാൽ a : c എത്ര ?

(A) 9 : 13 (B) 35 : 24

(C) 24 : 28 (D) 24 : 35

85. 120 m നീളമുള്ള ട്രെയിൻ 160 m നീളമുള്ള റെയിൽവേ പ്ലാറ്റ്ഫോം 14 സെക്കന്റ് കൊണ്ടു കടന്നു പോകുന്നു. ഈ ട്രെയിൻ 100 m നീളമുള്ള പ്ലാറ്റ്ഫോം കടന്നു പോകുന്നതിന് എടുക്കുന്ന സമയം ?

(A) 12 സെക്കന്റ് (B) 11 സെക്കന്റ്

(C) 10 സെക്കന്റ് (D) 13 സെക്കന്റ്

86. A യ്ക്ക് ഒരു ജോലി ചെയ്യാൻ 50 ദിവസം വേണം. എന്നാൽ B യ്ക്ക് 40 ദിവസം മതി. രണ്ടുപേരും കൂടി 10 ദിവസം ജോലി ചെയ്തു. അതിനുശേഷം A കളഞ്ഞിട്ടു പോയി. ബാക്കി ജോലി B ഒറ്റയ്ക്ക് എത്ര ദിവസം കൊണ്ട് ചെയ്തു തീർക്കും ?

(A) 11 ദിവസം (B) 18 ദിവസം

(C) 22 ദിവസം (D) 26 ദിവസം

**87.** 19 കുട്ടികളുടെ ശരാശരി ഭാരം 31 kg ആണ്. പുതിയൊരു കുട്ടി കൂടി വന്നു ചേർന്നപ്പോൾ ശരാശരി ഭാരം 30.7 kg ആയി കുറഞ്ഞു. എന്നാൽ പുതിയ കുട്ടിയുടെ ഭാരം

(A) 28 kg
(B) 27 kg
(C) 26 kg
(D) 25 kg

**88.** $(32)^{0.2}$ എത്ര ?

(A) 5
(B) 2
(C) 6.4
(D) 64

**89.** 52 m × 26 m × 13 m എന്നീ അളവുകളുള്ള ഒരു ചതുരക്കട്ട ഉരുക്കി ഒരു സമചതുരക്കട്ട ഉണ്ടാക്കിയാൽ, ആ സമചതുരക്കട്ടയുടെ ഒരു വശത്തിന്റെ നീളം എത്രയായിരിക്കും ?

(A) 13 m
(B) 6.5 m
(C) 26 m
(D) 23 m

**90.** ഒരാൾ 3250 രൂപ വായ്പയെടുത്തു. ആദ്യമാസം 20 രൂപ തിരിച്ചടച്ചു. പിന്നീടുള്ള ഓരോ മാസവും 15 രൂപാവീതം കൂട്ടികൂട്ടി അടയ്ക്കാൻ തീരുമാനിച്ചു. എത്രനാൾകൊണ്ട് വായ്പ മുഴുവൻ തിരിച്ചടയ്ക്കാനാകും ?

(A) 20 മാസം
(B) 25 മാസം
(C) 24 മാസം
(D) 30 മാസം

**91.** Z U Q ? L

(A) N
(B) S
(C) X
(D) K

**92.** $a * b = \sqrt{ab}$ ആയാൽ $\dfrac{(8 * 18) * 3}{(144 * 9) * 49}$ എത്ര ?

(A) $\frac{36}{42}$
(B) $\frac{36}{7}$
(C) $\frac{1}{7}$
(D) 7

**93.** B യെക്കാൾ വലുതാണ് A എന്നാൽ D യെക്കാൾ ചെറുതുമാണ്. D യെക്കാൾ ചെറുതാണ് B. D യെക്കാൾ വലുതാണ് C എന്നാൽ E യെക്കാൾ ചെറുതാണ് D. A യെക്കാൾ വലുതാണ് C. ഇവരിൽ ആരാണ് ഏറ്റവും വലുത് ?

(A) C
(B) A
(C) D
(D) E

94. BLOCKED : YOLXPVW : : ? : OZFMXS

(A) DEBATE
(B) RESULT
(C) LABOUR
(D) LAUNCH

95. B യുടെ സഹോദരനാണ് A. A യുടെ അമ്മയാണ് C. C യുടെ അച്ഛനാണ് D. B യുടെ മകനാണ് E. എന്നാൽ A യ്ക്ക് E യുമായുള്ള ബന്ധം ?

(A) മുത്തച്ഛൻ
(B) അനന്തിരവൻ
(C) അങ്കിൾ
(D) ചെറുമകൻ

96. ഒറ്റയാനെ കണ്ടെത്തുക.

(A) AGD
(B) HNK
(C) OUR
(D) VWX

97. MENTION എന്ന വാക്കിന്റെ കോഡ് LNEITNO ആണ്. എങ്കിൽ PATTERN എന്ന വാക്കിന്റെ കോഡ്

(A) APTTREM
(B) OTAETNR
(C) OTAETRN
(D) PTAETNR

98. 2008 ജനുവരി 30-ാം തീയതി ബുധനാണെങ്കിൽ 2009 മാർച്ച് 28 ഏത് ദിവസമായിരിക്കും ?

(A) ശനി
(B) തിങ്കൾ
(C) വെള്ളി
(D) വ്യാഴം

99. 5 മണി 15 മിനിറ്റ് സമയത്ത് ക്ലോക്കിലെ 2 സൂചികളും നിർണ്ണയിക്കുന്ന കോണളവ്

(A) 93°
(B) 88½°
(C) 67½°
(D) 52½°

100. 19 ഓറഞ്ചിന് 114 രൂപ, 6 ആപ്പിളിന് 48 രൂപ, 22 പഴത്തിന് 154 രൂപ, 17 മാങ്ങയ്ക്ക് 153 രൂപ. ഇതിൽ ഏതിനാണ് ഏറ്റവും കുറഞ്ഞ വില ?

(A) ഓറഞ്ച്
(B) ആപ്പിൾ
(C) മാങ്ങ
(D) പഴം

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**